5. അയിരൂർ കാഞ്ഞേറ്റുകര പദ്ധതി

പദ്ധതിയുടെ നിർമ്മാണം 7/2012-ൽ ആരംഭിച്ചു. ഇൻടേക്ക് കിണർ, 5 എം.എൽ.ഡി. ജല ശുദ്ധീകരണ ശാല, ജലശുദ്ധീകരണ ശാലയിൽനിന്നും കാഞ്ഞേറ്റുകര ടാങ്കുവരെയുള്ള ഗ്രാവിറ്റി ലൈൻ, റോ വാട്ടർ പമ്പിംഗ് മെയിൻ (300 എം.എം.ഡി.ഐ.കെ.9) ജലശുദ്ധീകരണശാല മുതൽ തേക്കുമുകൾ ടാങ്കുവരെയുള്ള ഗ്രാവിറ്റി ലൈൻ, റോ വാട്ടർ പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളാണ് പദ്ധതിയുടെ ഒന്നാം ഘട്ടമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇൻടേക്ക് കിണറിന്റെയും ജലശുദ്ധീകരണ ശാലയുടെയും പ്രവൃത്തികൾ ആരംഭിച്ചു

വൈക്കം മണ്ഡലത്തിൽ ജലനിധി പദ്ധതി

205 (2760) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ പഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി നടത്തിപ്പ് ഏത് ഘട്ടംവരെയെത്തിയെന്നും വ്യക്തമാക്കുമോ ;

(ബി) ജലനിധി പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) ജലനിധി പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലുൾപ്പെട്ട പഞ്ചായത്തുകളിൽ എത്ര രൂപ വീതം ചെലവഴിച്ചുവെന്നും ഇതിൽ ഗുണഭോക്തൃ വിഹിതം എത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) ജലനിധി പദ്ധതിയോട് പഞ്ചായത്തുകളുടെ പ്രദേശത്തെ ജനങ്ങൾ താൽപ്പര്യം കാണിക്കുന്നില്ല എന്ന വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജലനിധി പദ്ധതി ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിൽ റ്റി.വി. പുരം പഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ടം ബാച്ച് രണ്ടിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതി നടപ്പാക്കാൻ പഞ്ചായത്തുമായി ജലനിധി കരാറിൽ ഏർപ്പെടുത്തുകയും പഞ്ചായത്ത് സഹായസംഘടനയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലനിധിയുടെ ഔദ്യോഗിക വിഭാഗമായ ഗ്രാമ പഞ്ചായത്ത് സപ്പോർട്ട് ടീമും പഞ്ചായത്തും പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന സഹായ സംഘടനയും ഗുണഭോക്തൃ സമിതികൾക്ക് പദ്ധതി നടപ്പാക്കുന്നതിന് വേണ്ട സഹായവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

വൈക്കം നിയോജക മണ്ഡലത്തിലെ ജലവിതരണ പദ്ധതി

206 (2761) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇപ്പോൾ വാട്ടർ അതോറിറ്റി മുഖേന ജല വിതരണ പൈപ്പുകളും ടാങ്കുകളും സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നതെന്നും ഈ പ്രവൃത്തികൾ എന്നു പൂർത്തിയാക്കാനാവുമെന്നും ഓരോ പഞ്ചായത്തിലും ഇതിനായി എത്ര തുക വീതം ചെലവഴിക്കുന്നു എന്നും ഇതനുസരിച്ച് എത്ര കി.മീ. വീതം പൈപ്പുകൾ സ്ഥാപിക്കാനാവുമെന്നും വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്ന പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്രത്തോളം ഭാഗങ്ങളിൽ വീതം പൈപ്പുകൾ എത്തിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഇനിയും ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും പ്രസ്തുത പദ്ധതികൾക്കായി എന്ത് തുക വീതം ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly